# വീടുകൾ സന്ദർശിക്കൽ

## ആമുഖം

- വീടുകൾ സന്ദർശിക്കുന്നതിന്റെ ലക്ഷ്യം ആരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിനും രോഗങ്ങൾ തടയുന്നതിനുള്ള കരുതലെടുക്കുന്നതിനും വേണ്ടി കുടംബാംഗങ്ങളെ കണ്ടു സംസാരിക്കുക എന്നതാണ്.



- അംഗൻവാടി പ്രവർത്തക എല്ലാ ദിവസവും രണ്ട് മണിക്കൂർ സമയത്തേക്ക് വീടുകൾ സന്ദർശിക്കേണ്ടതുണ്ട്, വിശേഷിച്ചും 3 വയസ്സിൽ താഴെയുള്ള കുട്ടികളെ സമീപിക്കുന്നതിനു വേണ്ടി.
- വീടുകൾ സന്ദർശിക്കുന്ന വേളയിൽ കുടുംബാംഗങ്ങളുമായി യോജിപ്പ് വളർത്തിയെടുക്കാൻ ശ്രമിക്കണം, ആരോഗ്യവും പോഷണവും സംബന്ധിച്ച പ്രമുഖ സന്ദേശങ്ങൾ അറിയിക്കണം, മെച്ചപ്പെട്ട ആരോഗ്യ പരിചരണ ശീലങ്ങൾ കൈവരിക്കുന്നതിന് അവരെ സഹായിക്കണം, അസുഖങ്ങൾ തുടക്കത്തിൽ തന്നെ തിരിച്ചറിഞ്ഞ് ഉചിതമായ ഉപദേശം നൽകണം.
- വിശേഷിച്ചും, കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ ഗർഭച്ഛിദ്രത്തിനു വിധേയയാകുകയോ പ്രസവിക്കുകയോ ചെയ്ത സ്ത്രീകളുള്ള വീടുകൾ അഥവാ രണ്ട് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ളതോ പോഷകക്കുറവുള്ള ഏതെങ്കിലും കുട്ടിയുള്ളതോ ആയ വീടുകളിൽ ക്രമമായി സന്ദർശനം നടത്തണം.
- നിർദ്ദിഷ്ടവും സുവ്യക്തവുമായ സന്ദേശങ്ങൾ നൽകുക. താഴയുള്ള ഉദാഹരണം കാണുക:

| ആവശ്യപ്പെടാതെ നൽകുന്ന ഫലപ്രദമല്ലാത്ത സന്ദേശങ്ങൾ | ഉപയോഗപ്രദമായ ആരോഗ്യ വിവരങ്ങളടങ്ങിയ സന്ദേശങ്ങൾ |
|---|---|
| വയറിളക്കം തടയുന്നതിന്, ചുറ്റുപാടുകളിൽ ശ്രദ്ധ പതിപ്പിക്കണം | വയറിളക്കം തടയുന്നതിന്, ആഹാരം പാകം ചെയ്യുന്നതിനു മുമ്പ് അഥവാ കുഞ്ഞിന് ആഹാരം നൽകുന്നതിനു മുമ്പും മലവിസർജ്ജനം വൃത്തിയാക്കിയതിനു ശേഷവും സോപ്പും വെള്ളവും ഉപയോഗിച്ച് നിങ്ങൾ കൈകഴുകുന്നു എന്ന് ഉറപ്പാക്കണം |
| കുട്ടിക്ക് നല്ല പരിചരണം നൽകണം | കുട്ടിക്ക് ആഹാരം നൽകാൻ വേണ്ടത്ര സമയം നിങ്ങൾക്ക് കിട്ടുന്നുണ്ടോ? കുട്ടിയോടൊപ്പം സമയം കളിക്കുന്നുണ്ടോ? നിങ്ങൾ ജോലിക്കു പോകുമ്പോൾ ആരാണ് കുട്ടിയെ നോക്കുന്നത്? |
| നിങ്ങളുടെ കുട്ടിക്ക് ഇപ്പോൾ 1 വയസ്സായി. നിങ്ങൾ അതിന് പോഷകാഹാരം നൽകണം. | നിങ്ങളുടെ കുട്ടിക്ക് ദിവസേനഒരു മുട്ട (അല്ലെങ്കിൽ പാൽ, ഇലക്കറികൾ തുടങ്ങിയവ) നൽകാൻ നിങ്ങളെക്കൊണ്ടു കഴിയുമോ? എങ്ങനെയാണ് നിങ്ങളത് കൈകാര്യം ചെയ്യുക? വീട്ടിലുള്ള മറ്റു കുട്ടികളും അത് ആവശ്യപ്പെടുകയും അങ്ങനെഅതൊരു കുഴപ്പമായി മാറുകയും ചെയ്യുമോ? |

### വീടുകൾ സന്ദർശിക്കുമ്പോൾ മനസ്സിൽ കരുതേണ്ട കാര്യങ്ങൾ

- സാഹചര്യം മനസ്സിലാക്കുന്നതിന് വിവരങ്ങൾ ശേഖരിക്കുക.
- ഉചിതമായ പ്രാഥമിക ചോദ്യങ്ങൾ ചോദിക്കുക.
- സ്ത്രീ നൽകുന്ന മറുപടി ഉത്സാഹത്തോടെ കേൾക്കുകയും അവർ സംസാരിക്കുമ്പോൾ തടസ്സപ്പെടുത്താതിരിക്കുകയും ചെയ്യുക.
- അസുഖത്തിന്റെ ദൈർഘ്യത്തെയും ലക്ഷണങ്ങളെയും പറ്റി കൂടുതൽ അന്വേഷണാത്മകവും വിശദവുമായ ചോദ്യങ്ങൾ ഉന്നയിച്ച് കൂടുതൽ വിവരങ്ങൾ തേടുക.
- ശ്രദ്ധിക്കുക, അതിനു ശേഷം അമ്മ കൈക്കൊള്ളുന്ന പരിഹാര നടപടികളുടെ പേരിൽ അവരെ പുകഴ്ത്തുക.
- തുടർന്ന് ഇനി അമ്മ/സ്ത്രീ കൂടുതലായി എന്താണ് ചെയ്യേണ്ടത് എന്ന കാര്യത്തിൽ ചെറിയ വാക്യങ്ങളിൽ വ്യക്തമായ വിവരങ്ങൾക്കൊപ്പം നിർദ്ദേശം നൽകുക.
- അമ്മ കാര്യം മനസ്സിലാക്കി എന്ന് ഉറപ്പുവരുത്തുന്നതിന് പ്രധാനപ്പെട്ട വിവരങ്ങൾ ആവർത്തിക്കുക.
- എന്തെങ്കിലും തെറ്റിദ്ധാരണകൾ അല്ലെങ്കിൽ കേട്ടുകേഴ്വികൾ തിരുത്തുന്നതിന് അത് ചർച്ച ചെയ്യുക.
- അവസാനമായി, തുടർ സന്ദർശനം നടത്താൻ അല്ലെങ്കിൽ ആരോഗ്യകേന്ദ്രത്തിലേക്ക് അയയ്ക്കാനുള്ള ക്രമീകരണം ചെയ്യുക.
- ആരോഗ്യസംബന്ധമായ ഉപദേശങ്ങൾ 'നിർദ്ദേശിക്കരുത്', അവ അമ്മയ്ക്ക് 'ഉപദേശിക്കണം.'

**എല്ലാ സന്ദർശനങ്ങളും**

(സൗഹാർദ്ദപരമായ സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള അടിസ്ഥാനപരമായ ആശയവിനിമയ നൈപുണ്യങ്ങൾ)



- അഭിവാദ്യം.
- നിങ്ങളുടെ സന്ദർശനത്തിന്റെ ലക്ഷ്യം വിശദീകരിക്കുക.
- കുടുംബത്തിന് നിങ്ങളെ വിശ്വസിക്കാൻ കഴിയുന്ന വിധത്തിൽ പെരുമാറുക.
- സൗമ്യ സ്വരത്തിൽ സംസാരിക്കുക.
- പ്രാദേശിക ഭാഷയിൽ ലളിതമായ വാക്കുകൾ ഉപയോഗിക്കുക.
- ആദരവ് പ്രകടിപ്പിക്കുക.
- ആ സ്ത്രീ ശരിയായിട്ടാണ് കാര്യങ്ങൾ ചെയ്യുന്നതെന്ന് പുകഴ്ത്തുകയും അവളിൽ ആത്മവിശ്വാസം ജനിപ്പിക്കുകയും ചെയ്യുക.
- തെറ്റായ ചില ശീലങ്ങൾ എന്തുകൊണ്ടാണ് നിങ്ങൾ നിരുത്സാഹപ്പെടുത്തതെന്ന് ചൂണ്ടിക്കാണിക്കുക; അതിനെവെറുതെ കുറ്റപ്പെടുത്തുകയോ ചീത്തയോ അന്ധവിശ്വാസമോ ആയി മുദ്രകുത്തുകയോ അരുത്.
- ചോദിക്കുക, പറയരുത്.
- സ്ത്രീയ്ക്ക് എന്തെങ്കിലും അന്വേഷണങ്ങളുണ്ടോ എന്ന് മനസ്സിലാക്കുക.
- ആ സ്ത്രീയ്ക്കും അവളുടെ കുടുംബാംഗങ്ങൾക്കും നന്ദി പറയുകയും അടുത്ത സന്ദർശനത്തെപ്പറ്റി അറിയിക്കുകയും ചെയ്യുക.



**വിഷമകരമായ സാഹചര്യങ്ങൾ**



***ആ സ്ത്രീ ലജ്ജാലുവാണെങ്കിൽ***

- അവളെ 'ഉത്സാഹിപ്പിക്കുന്നതിനു' വേണ്ടി പൊതുവായ കാര്യങ്ങളെപ്പറ്റി പറയുക.
- സംസാരിക്കുവാൻ ആ സ്ത്രീയെ പ്രോത്സാഹിപ്പിക്കുക.
- ആ സ്ത്രീയിൽ ആത്മവിശ്വാസമുളവാക്കുന്നതിനു വേണ്ടി അവളെ പുകഴ്ത്തുക.
- ചോദ്യങ്ങൾ ആവർത്തിക്കുക.

***ആ സ്ത്രീ സഹകരിക്കുന്നില്ലെങ്കിൽ അല്ലെങ്കിൽ തർക്കിക്കുന്ന ശീലമുള്ളവളാണെങ്കിൽ***

- ആ സ്ത്രീയ്ക്കു സുരക്ഷിതത്വബോധം തോന്നുന്നതിനു വേണ്ടി അവളെ പുകഴ്ത്തുക.
- അവളോടു താദാത്മ്യം പ്രാപിക്കുകയും സൗഹൃദം പുലർത്തുകയും ചെയ്യുക; ദേഷ്യപ്പെടരുത്.
- അവൾ പറയുന്നത് കേൾക്കുന്നതിന് കൂടുതൽ സമയം ചെലവാക്കുക.
- എന്നിട്ടും ആ സ്ത്രീ കൈക്കൊള്ളാൻ തയ്യാറല്ലെങ്കിൽ അവളെ നിർബന്ധിക്കരുത് പകരം വീണ്ടും വരാൻ താൻ ആഗ്രഹിക്കുന്നതായി മാത്രം അവളോടു പറയണം.

***ആ സ്ത്രീ ജിജ്ഞാസയുള്ളവളും ധാരാളം ചോദ്യങ്ങൾ ചോദിക്കുന്നവളുമാണെങ്കിൽ***

- അവളുടെ ചോദ്യങ്ങൾക്ക് ലളിതമായ ഭാഷയിൽ ഉത്തരം നൽകുക.
- താൻ കൂടെക്കൂടെ വരുമെന്ന് വിശദീകരിക്കുകയും അപ്പോൾ വീണ്ടും സംസാരിക്കാൻ കഴിയുമെന്നു പറയുകയും ചെയ്യുക.